"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ.വി.ജെ കുര്യന്റെ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ നൽകണമെന്ന അനക്ഷർ എ1, എ6 അപേക്ഷ നിരസിച്ച് കൊണ്ട് O.A(EKM) നം.255/2023 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 02.03.2023 - ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2413/2023/LSGD തീയതി,തിരുവനന്തപുരം, 04-12-2023

---

പരാമർശം:-

1. അഡ്വക്കേറ്റ് ജനറലിന്റെ 18.03.2023 ലെ ജി2- ഒഎ ഇകെ എം 255/2023/2023031539 നമ്പർ കത്ത്
2. ഒ.എ (ഇകെഎം) നം.255/2023 കേസിന്മേൽ ബഹു ട്രൈബ്യൂണലിന്റെ 02.03.2023 ലെ ഉത്തരവ്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.10.2023 ലെ എൽ എസ് ജി ഡി/പി ഡി/35023/2023-ഡിഇഎ1 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.വി.ജെ കുര്യൻ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരവേ 31.08.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. 10.11.2018, 06.05.2022 തിയതികളിൽ ശ്രീ വിജെ കുര്യൻ സമർപ്പിച്ച അപേക്ഷകളിൽ (Annexure A1,A6) 1.11.2015 മുതൽ തന്നെ കണ്ണൂർ കോർപ്പറേഷനിലേതുൾപ്പെടെ 8 കോർപ്പറേഷൻ സെക്രട്ടറി തസ്തികകൾ നിലവിലുണ്ടെന്നും യഥാസമയം ഡിപിസി കൂടിയിരുന്നെങ്കിൽ നാലാമത്തെ ഒഴിവിലേക്ക് നിയമനം ലഭിക്കുവാൻ അർഹനായിരുന്നുവെന്നും ആയതിനാൽ ടിയാൻ മുനിസിപ്പാലിറ്റിയിൽ ജോലിയിൽ പ്രവേശിച്ച 01.11.2015 മുതൽ കോർപ്പറേഷൻ സെക്രട്ടറിയായി പ്രൊമോഷൻ ലഭിച്ചതായി കണക്കാക്കി റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ഉൾപ്പെടെ അർഹമായ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് തരണമെന്ന് അപേക്ഷിച്ചിരുന്നു. ശ്രീ.വി.ജെ കുര്യൻ ഫയൽ ചെയ്ത ഒ.എ (ഇകെഎം) നം.255/2023 ൽ കേസിൽ ടിയാന്റെ അനക്ഷർ എ1, എ6 നിവേദനങ്ങളിൽ ടിയാനെ നേരിൽ

കേട്ടശേഷം മൂന്നു മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് 02.03.2023 ൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു

2 ) ബഹു ട്രൈബ്യൂണലിന്റെ 02.03.2023-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.വി.ജെ.കുര്യനെ 12.09.2023 ന തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടു. ഹിയറിങ് സമയത്തു ശ്രീ. വി.ജെ.കുര്യൻ ബോധിപ്പിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

3) ടിയാൾ 01.11.2015-ൽ കണ്ണൂർ കോർപ്പറേഷൻ രൂപീകൃതമായത് മുതൽ കോർപ്പറേഷൻ സെക്രട്ടറി ആയി ജോലി നിർവഹിച്ചിട്ടുള്ളതാണെന്നും എന്നാൽ അവിടെ കോർപ്പറേഷൻ സെക്രട്ടറിയുടെ തസ്തിക രൂപീകരിച്ചിട്ടില്ല എന്ന കാരണത്താൽ കോർപ്പറേഷൻ സെക്രട്ടറിയുടെ ശമ്പള സ്കെയിലിൽ ആനുകൂല്യങ്ങൾ നൽകണമെന്ന ടിയാളുടെ അപേക്ഷ നിരസിച്ചിട്ടുള്ളതാണെന്നും അറിയിച്ചു. എന്നാൽ ഈ കാലയളവിൽ Joint Director, Corporation Secretary, Additional Corporation Secretary എന്നീ വിഭാഗങ്ങളിലായി 2015-2016 കാലയളവിൽത്തന്നെ 8-ഒഴിവുകൾ ഉണ്ടായിട്ടുള്ളതാണെന്നും 27.03.2017-ൽ കൂടിയ DPC (Higher) തയ്യാറാക്കിയ 30.03.2017 നോട്ടിഫിക്കേഷൻ പ്രകാരം Corporation Secretary/Additional Corporation Secretary Select List-ൽ 4-ാം നമ്പർ ആയി ടിയാൾ ഉൾപ്പെട്ടിരുന്നതായും അത് പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയായി നിയമനം ലഭിച്ചിട്ടുള്ളതുമാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. 22/06/2013-ന ശേഷം ഏകദേശം 4-വർഷത്തിന് ശേഷമാണ് 27.03.2017- ൽ DPC (Higher) ചേർന്നിട്ടുള്ളതെന്നും യഥാസമയം DPC കൂടിയിരുന്നുവെങ്കിൽ തനിക്കു നേരത്തെ പ്രൊമോഷൻ ലഭിക്കുമായിരുന്നുവെന്നും KS&SSR Part II Rule 28(14) പ്രകാരം റിട്ടയർ ചെയ്ത ഒരു ജീവനക്കാരന് ശമ്പളവും അലവൻസുകളും ഒഴിവാക്കിക്കൊണ്ട് പ്രൊമോഷൻ ഡ്യൂ ആയ തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ നിയമനം ലഭിച്ചതായി കണക്കാക്കി പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണെന്നും അത് പ്രകാരം 01.10.2015-ൽ കോർപ്പറേഷൻ സെക്രട്ടറിയായി പ്രൊമോഷൻ ലഭിച്ചതായി കണക്കാക്കി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തനിക്കു അർഹതയുള്ളതാണെന്നും നിലവിൽ കോർപ്പറേഷൻ സെക്രട്ടറിയുടെ പേ സ്കെയിൽ ജോയിന്റ് ഡയറക്ടറുടേതിന് സമാനമായ നിരക്കിലേയ്ക്ക് ഉയർത്തിയിട്ടുള്ളതും അതിനാൽ one rank one pension തത്വ പ്രകാരം തനിക്കു Joint Director-ടെ pay scale-ന്റെ മിനിമം നിരക്കിൽ പെൻഷന് അർഹതയുള്ളതാണെന്നും ഈ വസ്തുതകൾ പരിഗണിച്ചു തനിക്കു അർഹതപ്പെട്ട തീയതി മുതൽ മുൻകാലപ്രാബല്യത്തോടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു..

4) ഈ വിഷയത്തിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ഇപ്രകാരം വ്യക്തമാക്കിയിരുന്നു.

(a) ശ്രീ.വി.ജെ.കുര്യനെ 05.05.2017 ലെ G.O (Rt) No.1430/2017/LSGD നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നതും ടിയാൻ 31.05.2017 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്. ടിയാൻ കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിയായി 01.11.2015 മുതൽ 23.06.2016 വരെ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ, കോർപ്പറേഷൻ സെക്രട്ടറിയുടെ ശമ്പള സ്കെയിലിൽ ആനുകൂല്യങ്ങൾ നൽകണമെന്ന ടിയാന്റെ അപേക്ഷ 08.12.2017 ലെ ഇയു1-353/16/തസ്വഭവ നമ്പർ കത്ത് പ്രകാരം സർക്കാരിൽ നിന്നും നിരസിച്ചിരുന്നു. സർക്കാരിന്റെ 30.04.2015 ലെ G.O (P) No.150/15/LSGD നമ്പർ വിജ്ഞാപന പ്രകാരം കണ്ണൂർ നഗരസഭയെ കോർപ്പറേഷനായി ഉയർത്തിയിരുന്നുവെങ്കിലും, കോർപ്പറേഷൻ സെക്രട്ടറി തസ്തിക 06.01.2017 ലെ G.O (Ms) 6/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമാണ് നിലവിൽ വന്നത്. ടി തീയതി മുതലാണ് കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി തസ്തിക നിലവിൽ വന്നത് എന്നതിനാലാണ് ടിയാന്റെ അപേക്ഷ നിരസിച്ചിട്ടുള്ളത്.

(b) കോർപ്പറേഷൻ സെക്രട്ടറി തസ്തിക സെലക്ഷൻ തസ്തികയായതിനാൽ സെലക്ട് ലിസ്റ്റ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവായതിനുശേഷം ഉയർന്ന തസ്തികയിൽ ജോലിയിൽ പ്രവേശിച്ചാൽ മാത്രമാണ് പ്രൊമോഷൻ ലഭിച്ചതായി കണക്കാക്കുന്നത്. ഡിപ്പാർ ട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി (Higher) 22.06.2013 ന് ശേഷം 27.03.2017 നാണ് യോഗം ചേർന്നിട്ടുള്ളത്. 27.03.2017 -ന് ചേർന്ന ഡി.പി.സി (ഹയർ) യോഗത്തിൽ ശ്രീ വി. ജെ കുര്യനെ സെലക്ട് ലിസ്റ്റിൽ (30.03.2017 ലെ G.O (P) No.20/17/LSGD നമ്പർ ഉത്തരവ്) ഉൾപ്പെടുത്തുകയും സർക്കാരിന്റെ 05.05.2017 ലെ G.O (Rt) No.1430/2017/LSGD നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ളതും DPC(H) ചേരുന്നതിൽ ഉണ്ടായ കാലതാമസം മൂലം ടിയാന്റെ പ്രമോഷൻ വൈകിയത് സംബന്ധിച്ച് സർക്കാർ തലത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഡിപ്പാർട്ട്മെൻറൽ പ്രമോഷൻ കമ്മിറ്റി (Higher) 22.06.2013 ന് ശേഷം 27.03.2017 നാണ് യോഗം ചേർന്നിട്ടുള്ളത്. ടി യോഗത്തിൽ കോർപ്പറേഷൻ സെക്രട്ടി/അഡീഷണൽ കോർപറേഷൻ സെക്രട്ടറി തസ്തികയിലേക്കുള്ള 30.03.2017 ലെ G.O (P) No.20/17/LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള 5 പേരുകളുടെ സെലക്ട് ലിസ്റ്റിൽ നാലാമതായി പരാതിക്കാരൻ ഉൾപ്പെട്ടിട്ടുള്ളതാണ്. നഗരകാര്യ

ഡയറക്ടറുടെ 14.03.2017 തീയതിയിലെ E2-29006/16 നമ്പർ കത്ത് പ്രകാരമുള്ള പ്രൊഫോർമ 1 ൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ 3 ഒഴിവുകളും പ്രൊഫോർമ 2 ൽ കോർപ്പറേഷൻ സെക്രട്ടറി/അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിൽ 5 ഒഴിവുകളും നിലനിൽക്കുന്നതായി സർക്കാരിൽ അറിയിച്ചിട്ടുണ്ടെന്നും ജോയിന്റ് ഡയറക്ടർ, കോർപ്പറേഷൻ സെക്രട്ടറി/അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിൽ സെലക്ട് ലിസ്റ്റ് നിലവിലില്ലായിരുന്ന കാലയളവിൽ വിരമിച്ച ജീവനക്കാരുടെ വിവരങ്ങൾ, ഒഴിവുകൾ നിലവിൽ വന്ന തീയതി എന്നിവ അനുബന്ധമായി ചേർത്ത് ഉള്ളടക്കം ചെയ്തിരുന്നതും ഇതിൽ 30.09.2015 ൽ ശ്രീ. പി.എ.പയസ്സ് വിരമിച്ചതു മൂലമുണ്ടായ ഒഴിവിലേക്ക് തനിക്ക് നോഷണൽ പ്രമോഷൻ നൽകി റിട്ടയർമെൻറ് ആനുകൂല്യങ്ങൾ നൽകണമെന്നാണ് പരാതിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത്.

<u>KS&SSR Part II Rule 28(14)</u>

"Notwithstanding anything contained under this rule, the government may by order effect promotion/appointments by transfer notionally without monetary benefit of pay and allowances but with consequential pensionary benefits, to a pensioner without having to follow the procedures such as preparation, publication and review of select list by convening the Departmental Promotion Committee, if it is found later on after his retirement that he would have become eligible at any time during the course of his service for being promoted or appointed to such posts, categories or grades in that service had due procedure according to the rule existing at that time or made applicable thereafter been followed at the appropriate time."

(c) KS&SSR Part II Rule 28(14) പ്രകാരം സർക്കാരിന് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഒഴിവാക്കിക്കൊണ്ട് റിട്ടയർ ചെയ്ത ജീവനക്കാരൻ പ്രമോഷൻ ആകേണ്ട തീയതി മുതൽ നോഷണൽ പ്രമോഷൻ നൽകി റിട്ടയർമെൻറ് ആനുകൂല്യങ്ങൾ നൽകണമെന്നും ആയതിന് സെലക്ട് ലിസ്റ്റ്, ഡിപിസി തുടങ്ങിയ നടപടിക്രമങ്ങൾ ഒന്നും പരിഗണിക്കേണ്ടതില്ല എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയതിനാൽ പരാതിക്കാരന്റെ ആവശ്യം പരിഗണിച്ച് സർക്കാർ തലത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(d) കണ്ണൂർ കോർപ്പറേഷൻ നിലവിൽ വന്നത്30.04.2015 ലെ G.O (P)

No.150/2015/LSGD ഉത്തരവ് പ്രകാരമാണ്. തുടർന്ന് 01.11.2015 ൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട കോർപ്പറേഷൻ കൗൺസിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വരികയും ചെയ്തു. എന്നാൽ 06.01.2017 ൽ മാത്രമാണ് കോർപ്പറേഷൻ സെക്രട്ടറി/അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി മുതൽ LDV ഡ്രൈവർ വരെയുള്ള വിഭാഗങ്ങളിലായി 123 തസ്തികകളും സാനിറ്ററി വർക്കർ വിഭാഗത്തിൽ 54 തസ്തികകളും സൃഷ്ടിച്ച് G.O (Ms) No.6/2017/LSGD നമ്പർ ഉത്തരവ് ആയിട്ടുള്ളത്. ഇപ്രകാരമുള്ള അധിക ജീവനക്കാരുടെ സേവനം ലഭ്യമാകുന്നതിനുമുമ്പ് കണ്ണൂർ കോർപ്പറേഷൻ രൂപീകൃതമായ തീയതി മുതൽ കോർപ്പറേഷൻ സെക്രട്ടറിയുടെ ചുമതല 9 മാസത്തോളം ശ്രീ. വി.ജെ കുര്യൻ നിർവഹിച്ചതായി കാണുന്നു. മേൽപറഞ്ഞ സാഹചര്യത്തിൽ ശ്രീ. വി.ജെ കുര്യന് 01.11.2015 മുതൽ നോഷണൽ പ്രമോഷൻ അനുവദിക്കുന്ന വിഷയം പരിഗണിച്ച് KS&SSR Part II Rule 28(14) പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നകാര്യം സർക്കാർ തലത്തിൽ പരിഗണിക്കാവുന്നതാണ് എന്ന വിവരവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളുടെ അടിസ്ഥാനത്തിലും വിശദമായി പരിശോധിച്ചു. ഒഴിവ് നിലവിൽ വന്ന തീയതി പ്രൊമോഷനുള്ള അർഹത നിർണ്ണയിക്കുന്ന നിർണ്ണായക തീയതി ആണെങ്കിലും ഒഴിവ് വന്ന തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ ലഭിക്കണമെന്നത് ഒരു അവകാശമായി കണക്കാക്കാനാകില്ല. മുൻകാല പ്രാബല്യത്തിൽ സീനിയോറിറ്റി പുനർ നിർണ്ണയിക്കുമ്പോഴോ ഒരു സീനിയർ ഉദ്യോഗസ്ഥന്റെ ന്യായമായ അവകാശത്തെ ജൂനിയർ മറികടക്കുമ്പോഴോ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പുനഃക്രമീകരിക്കേണ്ടി വരുമ്പോഴോ ആണ് സാധാരണഗതിയിൽ കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 28(b)(i)(14)-ന്റെ ആനുകൂല്യം നൽകി ഡിപിസി കൂടാതെ തന്നെ പെൻഷണർക്ക് നോഷണൽ പ്രൊമോഷനുകൾ അനുവദിക്കാറുള്ളത്. ഈ കേസിൽ അത്തരത്തിലുള്ള സാഹചര്യം നിലനില്ക്കുന്നതായി കാണുന്നില്ല. അതോടൊപ്പം ജോലി സ്വഭാവത്തിൽ മാറ്റമുള്ള തസ്തികയായതിനാൽ മുൻകാല പ്രാബല്യം നൽകി സ്ഥാനക്കയറ്റം നൽകാനുമാകില്ല. പ്രൊമോഷൻ ഒരു വ്യക്തിയുടെ അവകാശമല്ലെന്നും എന്നാൽ ചട്ടങ്ങൾക്കനുസൃതമായി പ്രൊമോഷന് പരിഗണിക്കപ്പെടാൻ അവകാശമുണ്ടായിരിക്കുമെന്നും ബഹു. സുപ്രീം കോടതി വിവിധ വിധിന്യായങ്ങളിലൂടെ വ്യക്തത വരുത്തിയിട്ടുണ്ട്. [ ഉദാ:-Director, Lift Irrigation Corporation Ltd. V Pravat Kiran Mohanty (1991) 2 SCC Online SC1195 etc] .

6) സമാനവിഷയത്തിൽ "Union of India and others Vs K K Vadera and others (Civill Appeal No.4494/1989) നമ്പർ കേസിലെ വിധിന്യായത്തിൽ ബഹു. സുപ്രീം കോടതി ചുവടെ ചേർക്കും പ്രകാരം നിരീക്ഷിച്ചിട്ടുണ്ട്

"We do not know of any law or any rule under which a promotion is to be effective from the date of creation of the promotional post. After a post falls vacant for any reason whatsoever, a promotion to the post should be from the date the promotion is granted and not from the date on which such post falls vacant."

Manpreet Singh Poonam etc Vs Union of India & Anr. (Civil Appeal No. 517-518 of 2017),നമ്പർ കേസിലെ വിധിന്യായത്തിലെ ഖണ്ഡിക 18-ൽ ബഹു. സുപ്രീം കോടതി ചുവടെ ചേർക്കും പ്രകാരം നിരീക്ഷിച്ചിട്ടുണ്ട്

"a mere existence of vacancy per se will not create a right in favour of an employee for retrospective promotion when the vacancies in the promotional post is specifically prescribed in the rules, which also mandate the clearance through a selection process".

7) മേൽ പരാമർശിച്ച വസ്തുതകളുടെയും വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ ശ്രീ.വി.ജെ.കുര്യന് കോർപ്പറേഷൻ സെക്രട്ടറിയായി നോഷണൽ പ്രൊമോഷന് അർഹതയില്ലായെന്നു കാണുന്നതിനാൽ, 01.11.2015 മുതൽ കോർപ്പറേഷൻ സെക്രട്ടറിയായി നോഷണൽ പ്രൊമോഷൻ നൽകണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് 10.11.2018, 06.05.2022 തിയതികളിൽ ശ്രീ വി ജെ കുര്യൻ സമർപ്പിച്ച (Annexure A1,A6) അപേക്ഷകൾ നിരസിച്ചുകൊണ്ടും അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ (ഇകെഎം)നം.255/2023 നമ്പർ കേസിലെ 02.03.2023 -ലെ ഉത്തരവ് നടപ്പാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR MANJU K

അണ്ടർ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

ഡയറക്ടർ, കേരളാ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് , തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തൃശ്ശൂർ.

ശ്രീ.വി.ജെ.കുര്യൻ, കോർപ്പറേഷൻ സെക്രട്ടറി(റിട്ട) (പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 04-12-2023 16:51:12

സെക്ഷൻ ഓഫീസർ